മെഡിക്കൽ കൗൺസിൽ

*൩൩. (൯൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മെഡിക്കൽ കൗൺസിലിന്റെ കാലാവധി എന്നായിരുന്നു? അതിനു ശേഷം പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തോ? എടുത്തെങ്കിൽ ആരെയെല്ലാം?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): കൗൺസിലിന്റെ കാലാവധി ൧൯൫൦ ഒക്ടോബർ ൧൪-ാംതു വരെ ആയിരുന്നു. അതു ഓർഡിനൻസ് മൂലം ൬ മാസത്തേക്കു നീട്ടിവച്ചു. പുതിയ മെമ്പർമാരെ തിരഞ്ഞെടുത്തിട്ടില്ല.

വയസ്സനീകരണം

*൩൭. (൯൩) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ൽ വ്യയസ്സനീകരണാർത്ഥം എത്ര ഉദ്യോഗങ്ങൾ കറവു ചെയ്തിട്ടുണ്ട്. അവ ഏതെല്ലാം ഡിപ്പാർട്ട്മെന്റുകളിലാണ്;

(ബി) ഇതിൽ ൧൦൦ രൂപയിൽ കവിയുന്ന ശമ്പളക്കാർ എത്ര; ൧൦൦ രൂപയിൽ കുറഞ്ഞ ശമ്പളക്കാർ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ & ബി) ഉദ്ദേശം ൪൦൦ പേരെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. പക്ഷെ പിരിച്ചു വിട്ടിട്ടുള്ളവരിൽ അധികം പേരെയും വേറെ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ വിവരം നൽകുന്നതിനു ദീർഘമായ അന്വേഷണം വേണ്ടിവരും.

ഒല്ലൂർ തെരഞ്ഞെടുപ്പ്

*൩൮. (൯൯) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഇക്കഴിഞ്ഞ ഉപതിരഞ്ഞെടുപ്പു പ്രചരണത്തിനിടയിൽ മരിക്കുന്നു എന്നു പറയുന്ന സ്ഥലത്തു സോഷ്യലിസ്റ്റു പാർട്ടിയുടെ തെരഞ്ഞെടുപ്പു ആപ്പീസിന്റെ മുമ്പിൽ വച്ചിരുന്ന ബോർഡും സോഷ്യലിസ്റ്റു പാർട്ടിയുടെ കൊടിയും കോൺഗ്രസ്സുകാർ ബലമായി എടുത്തുകൊണ്ടുപോയതായിട്ടുള്ള വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു് എന്തെങ്കിലും നടപടി എടുക്കുകയുണ്ടായിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പോലീസു ഡിപ്പാർട്ടുമെന്റ്

*൩൯. (൧൦൧) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസു ഡിപ്പാർട്ടുമെന്റിൽ ശമ്പള പരിഷ്കാരം എപ്പോൾ വരുത്തി; അതു നടപ്പിൽ വരുത്തിയോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഗൺമാൻ ജൂലായി ഫാംസ് മുതൽ നടപ്പിൽ വരുത്തി.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

Unstarred Questions and Answers

പെൻഷൻകാർ

൨. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ വർഷത്തിൽ സർവ്വീസിൽനിന്നും പെൻഷൻ വാങ്ങി പിരിഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊച്ചി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം എത്ര;

(സി) തിരുവിതാംകൂർ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം എത്ര?

റവന്യൂവും, ധനകാര്യവുംവകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

എ-യുടെ ഉത്തരത്തിൽ നിന്നും ബി-യും സി-യും ഉദിക്കുന്നില്ല.

CHOLERA EPIDEMIC

2. [4] **Sri. D. Ponniah:** Will the Hon'ble Minister for Health be pleased to state.—

(*a*) in what all taluks in the Travancore-Cochin State has cholera epidemic started;

(*b*) how many had an attack of the disease;

(*c*) how many of them died; and

(*d*) what are the means adopted by Government for preventing cholera?

Minister for Finance and Revenue **(Sri. A. J. John):**

(*a*) Cholera occurred in the Taluks of Thovala, Agasteeswaram, Kalkulam, Nedumangad, Shencottah, Pathanapuram, Mavelikkara, Ambalapuzha, Changanachery, Kottayam, Meenachil, Vaikom, Devicolam, Peermade, Paroor, Chittur and Trichur. There were also cases of cholera in the Municipal towns of Nagercoil, Kottayam, Alwaye and Shencotta.

(*b*) 663.

(*c*) 335.

(*d*) Details of preventive measures adopted are appended.

CHOLERA

1. Additional staff was posted in the affected localities, and inoculations against cholera were conducted on a mass scale. The number of persons so far protected by inoculations is 215000.

2. The taluks of Thovala, Agasteeswaram, Shencotta, Ambalapuzha, Kottayam, Changanacherry, Vaikom, Deviculam, Peermade were declared as threatened with cholera under Section 74 o the Public Health Act and the local Public Health Officers, authorised to exercise the powers conferred by the Section.

LIBRARY ARCHIVES Kerala Legislative Assembly